▌സി.എം റഫീഖ് കോക്കൂർ

# അല്ലാഹുവിൽ ഭരമേൽപിക്കുക

عَن ابْن عَبَّاس رَضِي اللَّهُ عَنْهُمَا قَالَ: حَسْبُنَا الله وَنِعْمَ الْوَكِيل، قَالَهَا إِبْرَاهِيم عَلَيْه السَّلام حين أُلْقِيَ فِي النَّارِ ، قَالَهَا مُحَمَّدٌ ﷺ حِينَ قَالُوا: إِنَّ النَّاس قَدْ جَمَعُوا لَكُمْ فَاخْشَوْهُمْ فَزَادَهُمْ إِيمَانًا ، وَقَالُوا حَسْبُنَا الله وَنِعْمَ الوَكِيل

**ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: 'ഞങ്ങൾക്കല്ലാഹുമതി ഭരമേൽപിക്കാൻ. എത്ര നല്ലവനാണവൻ.' അഗ്നിയിലേക്കെറിയപ്പെടുന്ന സന്ദർഭത്തിൽ, ഇബ്രാഹിം(അ) പറഞ്ഞതാണിത്. നബി(സ)യും അത് പറഞ്ഞിട്ടുണ്ട്. 'ജനങ്ങൾ നിനക്കെതിരെ സംഘടിച്ചിരിക്കുന്നു. അവരെ ഭയപ്പെടുക' എന്ന് പറയപ്പെട്ടപ്പോഴാണത്. അതവരുടെ വിശ്വാസത്തെ വർധിപ്പിക്കുക മാത്രമാണ് ചെയ്തത്. 'ഞങ്ങൾക്കല്ലാഹു മതി, ഭരമേൽപിക്കാൻ എത്ര നല്ലവനാണവൻ' എന്നവർ പറയുകയും ചെയ്തു(ബുഖാരി).**

**വി**ശ്വാസികൾക്കുണ്ടായിരിക്കേണ്ട ഒരു സവിശേഷ ഗുണത്തിലേക്കാണീ വചനം വിരൽ ചൂണ്ടുന്നത്. 'തവക്കുൽ' എന്നതാണത്. ഖുർആൻ പറയുന്നു: "അല്ലാഹു, അവനൊഴികെ ഒരിലാഹില്ല. അതിനാൽ വിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ" (*അത്തഗാബുൻ* 13).

എക്കാലത്തുമുള്ള സത്യവിശ്വാസികൾക്ക് ജീവിതത്തിലെ ഏറ്റവും വലിയ മാതൃകാ പുരുഷന്മാരാണ് പ്രവാചകന്മാർ. പ്രവാചകന്മാരുടെ ഗണത്തിൽ തന്നെ ഖലീലുല്ലാഹി ഇബ്രാഹിം(അ)യും അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യും സവിശേഷ പ്രാധാന്യമർഹിക്കുന്നവരാണ്. തവക്കുലിനെ ജീവിതത്തിലേക്ക് സ്വാംശീകരിച്ചുകൊണ്ട് നിർണായക സന്ദർഭത്തിൽ അവർ കൈക്കൊണ്ട സമീപനത്തെയാണിവിടെ അനാവരണം ചെയ്തിരിക്കുന്നത്.

മരണത്തെ നേർമുന്നിൽ കണ്ടുകൊണ്ട് അതിലേക്കെടുത്തെറിയപ്പെടുമാറുള്ള അത്യന്തം ഗുരുതരവും തീക്ഷ്ണവുമായ സന്ദർഭങ്ങളിൽ വരെ, എല്ലാം അല്ലാഹുവിലർപ്പിച്ച് യാതൊരു വൈമനസ്യവുമില്ലാതെ, എന്നാൽ, പതിന്മടങ്ങ് വർധിത ഈമാനോടെ അത്തരം വിപൽസന്ധികളെ തരണം ചെയ്യാൻ അവരെ പ്രാപ്തരാക്കിയത് 'തവക്കുൽ' എന്ന ശ്രേഷ്ഠ ഗുണമാണ്.

തവക്കുലെന്നത് നിഷ്ക്രിയത്വത്തിന്റെ പേരല്ല. 'എല്ലാം അല്ലാഹുവിലർപ്പിച്ചിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ട് അകർമണ്യതയുടെ തോടിനുള്ളിൽ ചുരുണ്ട് കൂടാൻ ഇസ്‌ലാം ആരെയും അനുവദിക്കുന്നില്ല.

കർമ നൈരന്തര്യവും ചലനാത്മകതയുമാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. എന്നാൽ മനുഷ്യന്റെ കഴിവുകൾ, അതെത്ര ഉയർന്നതാണെങ്കിലും ഒട്ടേറെ പരിധികളും പരിമിതികളുമുള്ളതാണ്. സാധ്യമാകുന്നതിന്റെ പരമാവധി ചെയ്താലും ലക്ഷ്യത്തിലെത്താനോ വിജയം പ്രാപിക്കാനോ കഴിഞ്ഞുകൊള്ളണമെന്നില്ല. അവിടെയാണ് തനിക്ക് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്തതിന് ശേഷം പിന്നീട് അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നത്. എല്ലാ കഴിവുകൾക്കുമുടമയായ, ആർക്കെന്ത് കഴിവുകളുണ്ടോ, അതെല്ലാം നൽകിയവനായ ഒരുവനിൽ ഭരമേൽപിക്കുക എന്ന അർഥത്തിലാണ് 'തവക്കുൽ' പ്രസക്തമായിത്തീരുന്നത്.

മനുഷ്യന്റെ പരിമിതികളെ അതിജയിക്കും വിധമുള്ള സർവശക്തന്റെ സഹായം മാത്രമാണ് പിന്നീട് ആശ്രയമായിട്ടുള്ളത്.

ഒട്ടകപ്പുറത്തേറി നബി തിരുമേനിയുടെ സന്നിധിയിലെത്തി സവാരി മൃഗത്തെ കെട്ടിയിടാതെ ഇറങ്ങിവന്ന വ്യക്തിയോട്, ആദ്യം ഒട്ടകത്തെ കെട്ടിയിടാനും തുടർന്ന് അല്ലാഹുവിൽ തവക്കുൽ ചെയ്യാനും ആവശ്യപ്പെട്ടതിൽ അന്തർഭവിച്ചിട്ടുള്ള സന്ദേശവും ഇത് തന്നെ.

അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസം, അവന്റെ വിധി നടപ്പിൽ വരുമെന്ന ഉറപ്പ്, നബിചര്യയെ പിന്തുടരാനുള്ള അടങ്ങാത്ത തൃഷ്ണ, ഉപജീവനോപാധികൾക്ക് വേണ്ടിയുള്ള പ്രയത്നം, ശത്രുവിനെ സൂക്ഷിക്കുക തുടങ്ങി ഒട്ടനവധി സംഗതികൾ തവക്കുലുമായി ബന്ധപ്പെടുത്തിക്കൊണ്ട് പണ്ഡിതന്മാർ വിശദീകരിച്ചതായി കാണാൻ കഴിയും.

'തവക്കുൽ' അങ്ങേയറ്റത്തെ മനഃശാന്തിയും സ്വസ്ഥതയും പ്രദാനം ചെയ്യുന്നതോടൊപ്പം നൈരാശ്യത്തെ അകറ്റാൻ കൂടി പര്യാപ്തമാണ്. അല്ലാഹുവിന്റെ വിധി എന്തായിരുന്നാലും (ഗുണകരമായാലും ദോഷകരമായാലും) അതിൽ സംതൃപ്തി കണ്ടെത്തുന്ന മാനസികാവസ്ഥ സൃഷ്ടിക്കപ്പെട്ട് കഴിയുന്നതോടെ അസ്വസ്ഥതകൾക്കും അശാന്തിക്കും നൈരാശ്യത്തിനും പിന്നീടവിടെ സ്ഥാനമില്ലാതെ വരികയാണ്. ഇത്തരം മാനസികാവസ്ഥ നേടിയെടുക്കുന്ന മനുഷ്യനാണുന്നതൻ. ആർക്കും അയാളെ കീഴ്പ്പെടുത്തുക സാധ്യമല്ല. ഇത്തരം വ്യക്തികളുൾക്കൊള്ളുന്ന സമൂഹവും ഉന്നതർ തന്നെ. ■